**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2101 | 04.11.2019 ൽ മറുപടിക്ക്

**കാരുണ്യ പദ്ധതിയും ആയുഷ്മാൻ ഭാരത് പദ്ധതിയും**

| ചോദ്യം<br><br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കി വരുന്ന കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുമായി ബന്ധമുണ്ടോ; | (എ) | കേന്ദ്ര സർക്കാർ നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ പദ്ധതിക്കു പകരമായി ആവിഷ്കരിച്ച പദ്ധതിയാണ് ആയുഷ്മാൻ ഭാരത്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കു എത്തിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച പദ്ധതിയാണ് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (KASP). ഈ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ 19 ലക്ഷത്തിലധികം കുടുബങ്ങൾക്കുകൂടി ലഭിക്കുന്നു. ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ 21 ലക്ഷം കുടുംബങ്ങൾക്കാണ് ലഭ്യമാകുന്നത്. അങ്ങനെ സംസ്ഥാനത്തു 40 ലക്ഷത്തിലധികം കുടുംബങ്ങൾക്കു അഞ്ചു ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. |
| (ബി) | എങ്കിൽ ഏത് രീതിയിലാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇരു പദ്ധതികളും ഒരേ ആനുകൂല്യമാണ് ലഭ്യമാകുന്നത്. ഇതിൽ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച കേരളത്തിലെ ദുർബല വിഭാഗങ്ങൾക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നു. കേന്ദ്രം അംഗീകരിക്കാത്ത എന്നാൽ സംസ്ഥാന സർക്കാർ ദുർബലവിഭാഗങ്ങളായി കണക്കാക്കുന്ന ജനങ്ങൾക്കു സംസ്ഥാന പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) യിൽ ചേർത്ത് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ കൂടുതൽ ജനങ്ങളിലേക്കു എത്തിക്കുന്നു. നിലവിൽ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ വരുന്ന കുടുംബങ്ങളുടെ പ്രീമിയം തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. എന്നിരുന്നാലും പ്രീമിയം തുകയായി പരമാവധി 631.2 രൂപ മാത്രമാണ് കേന്ദ്രം വഹിക്കുകയുള്ളു എന്ന് അറിയിച്ചിട്ടുള്ളതിനാൽ പ്രീമിയം തുകയുടെ 60% മോ 631.2 യോ ഏതാണോ കുറവ് അതായിരിക്കും കേന്ദ്ര വിഹിതമായി ലഭിക്കുകയുള്ളു. കാരുണ്യ ആരോഗ്യ സുരക്ഷാ |

| | | | |
|---|---|---|---|
| | | | പദ്ധതി വഴി സംസ്ഥാനം ഉൾപ്പെടുത്തിയ 19 ലക്ഷം കുടുംബങ്ങളുടെ മുഴുവൻ പ്രീമിയവും സംസ്ഥാനം വഹിക്കുന്നു. |
| (സി) | രണ്ട് പദ്ധതികളിലേക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളിൽ വ്യത്യാസം ഉണ്ടോ; | (സി) | നിലവിൽ 31.03.2019 -ൽ സാധുതയുള്ള ആർ എസ്.ബി.വൈ/ചിസ് സ്മാർട്ട് കാർഡ് കൈവശം ഉള്ളവർക്കും 2011 -ൽ നടന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) -ൽ ദുർബല വിഭാഗങ്ങളായി കണ്ടെത്തിയവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യാമാകും. പുതുതായി ആരെയും ഈ വർഷം (2019-20) ഉൾപ്പെടുത്തുന്നില്ല. അതായതു ആർ. എസ്.ബി.വൈ വിഭാഗത്തിലും SECC -ൽ ദുർബല വിഭാഗമായവർക്കും ആയുഷ്മാൻ ഭരത് പദ്ധതിയിൽ പുതിയ കാർഡ് സ്വീകരിക്കാവുന്നതും സംസ്ഥാന സർക്കാർ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ച ചിസ് കാർഡ് ഉള്ളവർക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതിയുടെ അംഗത്വ കാർഡ് ലഭിക്കുന്നു. |
| (ഡി) | കേന്ദ്ര പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ മാനദണ്ഡങ്ങൾ അവലംബിക്കുകയാണെങ്കിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ നിന്നും കൂടുതൽ ഗുണഭോക്താക്കൾ പുറന്തള്ളപ്പെടുമോ; വിശദമാക്കുമോ? | (ഡി) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലെ അംഗങ്ങളുടെ പ്രീമിയം തുക പൂർണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അതുകൊണ്ടുതന്നെ അംഗങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനത്തിന് പൂർണമായ അധികാരം ഉണ്ട്. അതുകൊണ്ടു കേന്ദ്ര പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ഏതു തന്നെ ആയാലും ആയതു കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലെ അംഗങ്ങൾ പുറത്തുപോകാൻ സാധിക്കില്ല. കേന്ദ്ര വിഹിതം ലഭിക്കുന്നത് കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള കുടുംബങ്ങൾക്ക മാത്രമാണ്, നിലവിൽ ആർ എസ് ബി വൈ പദ്ധതിയിൽ ഉള്ള 21 ലക്ഷം കുടുംബങ്ങൾക്കും SECC 2011 ലെ ദുർബല വിഭാഗങ്ങൾക്കും മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക, കൂടാതെ കേന്ദ്ര സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ വിഭാഗങ്ങൾക്കും കേന്ദ്ര വിഹിതം ലഭിക്കും പ്രസ്തുത വിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.. |

Hari

സെക്ഷൻ ഓഫീസർ

national health authority

## Annexure 1: Details of beneficiary categories

The categories in rural and urban that will be covered under PM-JAY are as follows:

**For Rural:**

- Total deprived Households targeted for PM-JAY who belong to one of the six deprivation criteria amongst D1, D2, D3, D4, D5 and D7:
  a. Only one room with kuccha walls and kuccha roof (D1)
  b. No adult member between age 16 to 59 (D2)
  c. Female headed households with no adult male member between age 16 to 59 (D3)
  d. Disabled member and no able-bodied adult member (D4)
  e. Scheduled Caste/Scheduled Tribe households (D5)
  f. Landless households deriving major part of their income from manual casual labour (D7)
- Automatically included:
  a. Households without shelter
  b. Destitute/ living on alms
  c. Manual scavenger families
  d. Primitive tribal groups
  e. Legally released bonded labour

**For Urban:**

The following occupational categories of workers are included:

- Rag picker
- Beggar
- Domestic worker
- Street vendor/ Cobbler/hawker / Other service provider working on streets
- Construction worker/ Plumber/ Mason/ Labour/ Painter/ Welder/ Security guard/
- Coolie and another head-load worker
- Sweeper/ Sanitation worker / Mali
- Home-based worker/ Artisan/ Handicrafts worker / Tailor
- Transport worker/ Driver/ Conductor/ Helper to drivers and conductors/ Cart puller/ Rickshaw puller
- Shop worker/ Assistant/ Peon in small establishment/ Helper/Delivery assistant / Attendant/ Waiter
- Electrician/ Mechanic/ Assembler/ Repair worker
- Washer-man/ Chowkidar

In addition, all enrolled families under Rashtriya Swasthaya Bima Yojana (RSBY) that do not feature in the targeted groups as per SECC data will be included as well.

As per the SECC 2011, the following beneficiaries are automatically excluded:

- Households having motorized 2/3/4 wheeler/fishing boat
- Households having mechanized 3/4 wheeler agricultural equipment
- Households having Kisan Credit Card with credit limit above Rs. 50,000/-
- Household member is a government employee
- Households with non-agricultural enterprises registered with government

- Any member of household earning more than Rs. 10,000/- per month
- Households paying income tax
- Households paying professional tax
- House with three or more rooms with pucca walls and roof
- Owns a refrigerator
- Owns a landline phone
- Owns more than 2.5 acres of irrigated land with 1 irrigation equipment
- Owns 5 acres or more of irrigated land for two or more crop season
- Owning at least 7.5 acres of land or more with at least one irrigation equipment

There may still be some instances, where some of those who have to be automatically excluded in 2011, are figuring in the list of eligible beneficiaries. In such cases, States are advised to authorize the District Collectors/ District Magistrates or Deputy Commissioners to exclude such beneficiaries from the eligible list.